(ബി) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ 2-ഉം കാസർഗോട് താലൂക്ക് ആശുപത്രിയിൽ 4-ഉം മഞ്ചേശ്വരം ഗവ. ആശുപത്രിയിൽ 1-ഉം തസ്തികകൾ ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

167 (2353) കായംകുളം മണ്ഡലത്തിലെ അടിസ്ഥാന ചികിത്സാ കേന്ദ്രങ്ങൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നീ മേഖലകളിൽ അടിസ്ഥാന ചികിത്സാ കേന്ദ്രങ്ങൾ ഇല്ലാത്തത് എവിടെയെല്ലാമാണ്;

(ബി) സ്വന്തമായി ഈ മൂന്ന് മേഖലകളിലും കെട്ടിട സൗകര്യങ്ങൾ ഇല്ലാത്തത് എവിടെയൊക്കെയാണ്;

(സി) മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ ലഭ്യമാക്കാൻ സർക്കാർ ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ദേവികുളങ്ങര പഞ്ചായത്തിൽ സർക്കാർ ആയുർവേദ ചികിത്സാ കേന്ദ്രം ഇല്ല.

(ബി) കണ്ടല്ലൂർ ആയുർവേദ ഡിസ്പൻസറിയും, കണ്ടല്ലൂർ, കൃഷ്ണപുരം, ദേവികുളങ്ങര, പത്തിയൂർ, മുതുകുളം എന്നീ ഹോമിയോ ഡിസ്പെൻസറികൾക്കും സ്വന്തമായി കെട്ടിടങ്ങളില്ല.

(സി) സ്ഥാപനങ്ങൾക്കാവശ്യമായ കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കേണ്ടത് അതാത് തദ്ദേശ സ്ഥാപനങ്ങളാണ്.

168 (2354) മഴുവന്നൂർ പി.എച്ച്.സി.യിലെ ഡോക്ടർ നിയമനം

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴുവന്നൂർ പി.എച്ച്.സി.യിലെ ഡോക്ടർ ഉപരിപഠനത്തിന് പോയിരിക്കുന്നതുകൊണ്ട് അവിടെ നിലവിൽ ഡോക്ടർ ഇല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പി.എച്ച്.സി.യിൽ ഒരു ഡോക്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)മഴുവന്നൂർ പി.എച്ച്.സി.യിൽ കരാർ അടിസ്ഥാനത്തിൽ ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly